**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5830** **16-03-2023 - ൽ മറുപടിയ്ക്ക്**

**സൈക്കോ സോഷ്യൽ കൗൺസിലർമാരുടെ പ്രസവാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിത ശിശുവികസന വകുപ്പിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് പ്രസവാവധി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; | (എ) | ധനകാര്യവകുപ്പിന്റെ 04.01.2021 തീയതിയിലെ സ.ഉ(അച്ചടി) നം. 2/2021/ധന ഉത്തരവ് പ്രകാരമാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വനിതാ ഉദ്യോഗസ്ഥരായ സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് പ്രസവാവധി അനുവദിക്കുന്നതെന്ന് അറിയിക്കുന്നു.<br><br>മേൽ ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br><br>കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന വനിത ഉദ്യോഗസ്ഥർക്ക് മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം പ്രകാരം അവരുടെ പ്രസവം നടക്കാനിടയുള്ള ദിവസത്തിനു മൂന്നാഴ്ച മുൻപുള്ള തീയതി മുതൽ അനുവദനീയമാണെന്ന വ്യവസ്ഥയിൽ, കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, 180 ദിവസത്തെയ്ക്കോ കരാർ അവസാനിക്കുന്ന തീയതി വരെയോ, ഏതാണോ ആദ്യം അതുവരെ KSR ഭാഗം 1 ചട്ടം 100 പ്രകാരം പൂർണ്ണ ശമ്പളത്തോടെ പ്രസവാവധി ആനുകൂല്യങ്ങളും, KSR ഭാഗം 1 ചട്ടം 101 പ്രകാരം പൂർണ ശമ്പളത്തോടെയുള്ള അവധിയും അനുവദിച്ചിട്ടുണ്ട്.<br><br>പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ടു മുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>ഉത്തരവിന് 27.02.2018 തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് പുതുതായി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 80 ദിവസം സേവനകാലാവധി | (ബി) | അതെ. ധനകാര്യ വകുപ്പിന്റെ 04.01.2021 തീയതിയിലെ സ.ഉ (അച്ചടി) നം. 2/2021/ധന |

| | | | |
|---|---|---|---|
| | കഴിഞ്ഞവർക്ക് മാത്രമേ പ്രസ്തുത അവധി അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | ഉത്തരവിന്റെ നിബന്ധന 2 പ്രകാരം പ്രസവം നടക്കാനിടയുള്ള തീയതിയ്ക്കോ, അബോർഷൻ സംഭവിക്കുന്ന തീയതിയ്ക്കോ തൊട്ടുമുൻപ് തൊഴിലുടമയുടെ കീഴിൽ കുറഞ്ഞത് 80 ദിവസമെങ്കിലും ജോലി ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് മേൽ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്നവരായിട്ടും പ്രസ്തുത അവധിയ്ക്ക് അതത് വർഷം കരാർ പുതുക്കുന്ന ദിവസം മുതൽ പ്രാബല്യത്തിൽ യോഗ്യത കാലമായ 80 ദിവസം കണക്കാക്കുന്നത് മൂലം ആദ്യ മൂന്ന് മാസക്കാലയളവിൽ പ്രസവാവധി എടുക്കുന്നതിന് തടസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ലഭിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | ഇല്ല. കെ.എസ്.ആർ, ഭാഗം 1, അനുബന്ധം 1 ൽ നിഷ്കർഷിക്കുന്ന കരാർ പ്രകാരമോ അല്ലെങ്കിൽ കെ.എസ്.ആർ പ്രകാരമുള്ള അവധിചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ള കരാർ പ്രകാരമോ നിശ്ചിത കാലയളവിലേക്ക് നിയമിക്കപ്പെട്ടവർക്ക് കെ.എസ്.ആർ, ഭാഗം 1, അനുബന്ധം VIII ൽ നിഷ്കർഷിച്ചിട്ടുള്ള അവധികളാണ് ബാധകമാകുന്നത്. 04-01-2021 ലെ സ.ഉ.(പി) നം.02/2021/Fin പ്രകാരം എല്ലാ കരാർ ജീവനക്കാർക്കും കരാർ ദൈർഘ്യം കണക്കിലെടുക്കാതെ, ചില വ്യവസ്ഥകൾക്ക് വിധേയമായി പ്രസവാവധി അനുവദിക്കുവാനും കെ.എസ്.ആർ ഭാഗം 1, അനുബന്ധം VIII ൽ ഭേദഗതി വരുത്തുവാനും ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 27-02-2018 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. രണ്ട് കരാർ കാലാവധിയ്ക്കിടയിൽ ഇടവേള വന്നാൽ രണ്ടാമത്തേത് ഒരു പുതിയ കരാറായിട്ടേ പരിഗണിക്കാൻ കഴിയൂ എന്നും ഒരേ തൊഴിലുടമയുടെ കീഴിൽ ഒരേ തസ്തികയിൽ തന്നെ തുടർച്ചയായോ ബ്രേക്കോടുകൂടെയോ രണ്ട് ടേം കോൺട്രാക്റ്റിലും ഒരേവ്യക്തിയാണ് ഏർപ്പെടുന്നതെങ്കിലും ഒരു കോൺട്രാക്ട് മറ്റു കോൺട്രാക്ടിന്റെ തുടർച്ച എന്നനിലയിൽ കണക്കാക്കാൻ കഴിയില്ല എന്ന നിർദേശമാണ് ധനകാര്യ വകുപ്പ് നൽകിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത ദിവസമാനദണ്ഡം നിലനില്ക്കുന്നതിനാൽ അവധി ലഭിക്കാതാകുകയും എന്നാൽ അവധിയിൽ പ്രവേശിക്കുന്നത് അത്യാവശ്യമായി വരുകയും ചെയ്യുന്നവർക്ക് ഇത്രയധികം വർഷം ജോലി ചെയ്തവരാണെങ്കിൽ പോലും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നത് കണക്കിലെടുത്ത് ഈ വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ